# സാന്നിധ്യം

## വി പി എസ് മലങ്കര എച്ച് എസ് എസ്

## വെങ്ങാനൂർ

വിദ്യാലയ മുറ്റത്ത് മനസ്സ് തുറക്കുന്ന കുട്ടികളുടെ ചിന്തയിലും ഭാവനയിലും വിരിയുന്ന വരകളുടെയും വർണ്ണങ്ങളുടെയും ആശയങ്ങളുടെയും ലോകം വിപുലമാണ്.അവരുടെ ഹൃദയത്തിൽ നിന്ന് ഉയർന്നു വരുന്ന ഓരോ ശബ്ദത്തിനും സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും നിറങ്ങളുണ്ട്. ആ വാക്കുകൾ തന്നെയാണ് ഓരോ സർഗ്ഗസൃഷ്ടിയും. കുട്ടികളുടെ ചിന്തകളുടെയും സർഗ്ഗശേഷികളുടെയും സാന്നിധ്യം പുതിയ വെളിച്ചം പകർന്നു തരുന്നു.

## ലിറ്റിൽ കൈറ്റ്സുകളുടെ സാന്നിധ്യത്തിൽ

## ഉള്ളടക്കം

നിറങ്ങൾ സ്വപ്നങ്ങൾ.............................................3
ഓർമ്മയുടെ വസന്തം............................................4
സ്വപ്നം സുന്ദരം....................................................5
വെള്ളാരം കല്ലുകൾ..............................................6
മാമരച്ചോട്ടിലെ ഓർമ്മപ്പൂക്കൾ................................7
എത്ര സുന്ദരം.......................................................8
മായുന്ന നിറങ്ങൾ.................................................9
യാത്ര.............................................................10
പൂക്കുന്ന മുകുളങ്ങൾ............................................11
സ്കൂൾ കാലം....................................................12
എന്നിലൂടെ മാത്രം..............................................13
നെറ്റ്‌വർക്ക ഇല്ലാത്ത ദിവസം...............................14
ഒരു അവധിക്കാല യാത്രാനുഭവം...........................15
അതിജീവനത്തിന്റെ ലഹരി.................................17
ലഹരി വിരുദ്ധത: ഒരു സമൂഹത്തിന്റെ ഉത്തരവാദിത്തം
.......................................................................18
സ്വപ്നം.............................................................19
Anamika 8c....................................................19
സുഹൃത്തുക്കളായ ആനയും ഉറുമ്പും..........................20
സിംഹവും എലിയും............................................21
കഥകളി – കേരളത്തിന്റെ അഭിമാനം.....................22
ക്ലിക്കുകൾ മാറ്റിയ ജീവിതം...................................23
നന്മ തൻ മരം....................................................24
ഇടുക്കിയിലെ വിനോദയാത്ര.................................25
എന്റെ വിദ്യാലയം സ്വർഗ്ഗം...................................26
ഹൃദയത്തിന്റെ ശബ്ദം...........................................27
മറൈൻ ഡ്രൈവ് – ഒരു സുഖകരമായ യാത്ര
___________....................................................28

# നിറങ്ങൾ സ്വപ്നങ്ങൾ

ഒരു വ്യക്തിയെ മനോഹരമാക്കും സ്വപ്നമേ നീയെന്താനന്ദം
മനുഷ്യർക്ക് നിറം നൽകും നീയൊരു സുന്ദരപക്ഷി
നടക്കും ജീവിതം കാണാൻ സ്വപ്നത്തിലൂടെ
ജീവിതത്തിന് നിറം നൽകും സ്വപ്നങ്ങൾ
സന്തോഷവും സങ്കടവും ഒരേപോലെ നൽകുന്ന നീയൊരു വികാരപക്ഷി
സ്വപ്നമേ സ്വപ്നമേ നിറമില്ലാത്ത സ്വപ്നമേ
നിൻറെ ധൈര്യം എന്നെ വികാരവാനാകുന്നു
സ്വപ്നങ്ങൾ ജീവിതയാഥാർത്ഥ്യങ്ങൾ ആക്കാൻ ശ്രമിക്കുമ്പോൾ യാഥാർത്ഥ്യം
നിറമെല്ലാതാകുന്നു

ആസിഫ് അലി M 8A

# ഓർമ്മയുടെ വസന്തം

അന്നു ഞാൻ ദീപാവലി ആഘോഷിച്ചിട്ട് 12 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു അന്ന് പൊള്ളിയതിന്റെ പാട് എന്നും എൻറെ കയ്യിൽ പതിഞ്ഞു കിടക്കുന്നു ആ ദിവസം എനിക്ക് നൽകിയ ഓർമ്മകൾ ഇന്നും എൻറെ ഹൃദയത്തിൽ പതിഞ്ഞുകിടക്കുന്നു ഇന്നെനിക്ക് 26 തികയുന്നു അന്ന് അവൾക്ക് 13 തികഞ്ഞു കഴിഞ്ഞിരുന്നു. ഇനിമുതൽ എനിക്ക് ദീപാവലി ആഘോഷിക്കാൻ കഴിയില്ല അവൾക്ക് ഇഷ്ടമുള്ള സ്ഥലത്ത് എന്നെ വിട്ടു പോയി
അവളെ കഴിഞ്ഞവർഷം ഒരു കാർ മുട്ടി യാത്രയാക്കി അവളുടെ മാതാപിതാക്കളുടെ അടുത്ത് അന്നെന്റെ കൈ പൊള്ളിയപ്പോൾ അവൾ മാത്രമാണ് തുണയായി അവളുടെ മനസ്സിൽ ഞാൻ ആയിരുന്നു ഇന്ന് അവൾ ഇല്ലെങ്കിലും അവളുടെ സാന്നിധ്യം തിരിച്ചറിയും എൻറെ മനസ്സും മുഴുവൻ ഇന്ന് അവളാണ്. അന്ന് അവളുടെ കണ്ണുകളിൽ ഞാൻ കണ്ടു എന്നോടുള്ള സ്നേഹം എന്നാൽ ഇന്നെൻറെ കണ്ണിലുള്ള സ്നേഹം കാണാൻ അവളില്ല ദീപാവലി എന്നും ഓരോരുത്തർക്കും സന്തോഷമാണ് ഈ ദീപാവലി പലർക്കും ദുഃഖമാണ് അന്ന് എൻറെ മുത്തച്ഛൻ ദീപാവലിയിൽ സന്തോഷിച്ചില്ല ഇന്ന് ഞാനും ഇതാണ് എൻറെ ഓർമ്മയുടെ വസന്തം

ശ്രീജിത്ത് എസ്

10 F

# സ്വപ്നം സുന്ദരം

എവിടെയാണ് എൻറെ സ്വപ്നം എന്നു പോയ എൻറെ സ്വപ്നം നിനക്കുമില്ലേ ഒരു സ്വപ്നം ചിമ്മി മറയുന്ന മിന്നാമിനുങ്ങിനെ മുൻപേ സ്വപ്നം നിറമില്ലാത്ത സ്വപ്നം ആർക്കാണ് ആർക്കാണ് സ്വപ്നം ഇല്ലാത്തത് ആർക്കാണ് മോഹം ഇല്ലാത്തത് സ്വപ്നം ഉണ്ട് മോഹം ഉണ്ട് എന്നിലും നിന്നിലും സ്വപ്നം ഉണ്ട് കത്തിപ്പടരുന്ന എന്റെ സ്വപ്നം മിന്നി മറയുന്ന സ്വപ്നം നിറഞ്ഞ പുഞ്ചിരിയോടെ മറയുന്ന അകന്നു പോകുന്നു നീ സ്വപ്നത്തിൽ കാഞ്ചന നിറഞ്ഞുനിൽക്കുന്ന സുന്ദരിയാണെന്റെ സ്വപ്നം പോകല്ലേ പോകല്ലേ സ്വപ്നമേ

ഷാൻ എസ് ഇമ്മാനുവേൽ
9D

# വെള്ളാരം കല്ലുകൾ

1895 മുതൽ 1899 കാലഘട്ടങ്ങളിൽ യുദ്ധം ഹേഷ് ബോണിന്റെ തെക്കേഭാഗത്തെ വനപ്രദേശങ്ങളിലും ഗ്രാമങ്ങളും സ്വീകരിച്ചു അങ്ങനെ ആക്രമിച്ച് ഒറ്റയടിക്ക് തന്നെ തീജ്വാലയാക്കി മാറ്റിയ ഒരു ഗ്രാമമാണ് തുഷാരം ആ ഗ്രാമത്തിൽ നിന്നും രക്ഷപ്പെട്ടത് വിരലിലെണ്ണാൻ പറ്റുന്ന തക്കവണ്ണം ആളുകൾ മാത്രം അങ്ങനെ ആളുകൾക്കിടയിൽ രണ്ട് സഹോദരങ്ങൾ ഉണ്ടായിരുന്നു രുഗ്മിണിയും രാഗിണിയും തൻറെ അച്ഛൻ എവിടെയെന്നോ അമ്മ എവിടെയെന്നോ അറിയാതെ ശരീരം മരവിച്ച് സംസാരിക്കാനോ ഒരുതുള്ളി കണ്ണുനീർ പൊഴിക്കാനോ കഴിഞ്ഞിരുന്നില്ല അങ്ങനെ ദിവസങ്ങൾക്ക് ശേഷം മറ്റൊരാൾ പറഞ്ഞാണ് അവൾ അറിയുന്നത് അവരുടെ മാതാപിതാക്കൾ ആ യുദ്ധകാലത്ത് വെന്തു മരിച്ചു എന്ന് ആ വിവരം അവരെ ഒരാഴ്ചയോളം തളർത്തി ആരോരുമില്ലാത്തവർക്ക് ദുരിതാശ്വാസ ക്യാമ്പുകൾ മാത്രമായിരുന്നു അഭയംഅവർക്ക് ആ ക്യാമ്പുകൾ താമസിക്കാൻ യോഗ്യമല്ലാതായപ്പോൾ ആ സ്ഥലം വിടുകയും സാധനസാമഗ്രികൾ ആയി വേറൊരു ഗ്രാമത്തിൽ പോവുകയും ചെയ്തു പരിനഗർ എന്നാണ് ആ ഗ്രാമം തുഷാരം എന്ന ഗ്രാമത്തിന്റെ അടുത്തായിരുന്നു അവിടെ അവർക്ക് ഒരു നിലപ്രദേശം താമസിക്കാനായി ലഭിച്ചു കല്ലുമ്മക്കായ പഴങ്ങൾ മീനുകൾ എന്നിവ ചുറ്റും ഉപ്പു തേച്ചുമാണ് അങ്ങനെ അവർക്ക് ഒരു വയലിൽ നിന്നും മധുരക്കിഴങ്ങിന്റെ വള്ളികളിൽ ലഭിച്ചു രാഗിണി പറഞ്ഞു നമുക്ക് ഈ വള്ളികൾ നട്ടുപിടിപ്പിച്ച് കറച്ചുണക്കി അടുത്തകൊല്ലം ഉപയോഗിക്കാം പിന്നെ ബാക്കിയുള്ളത് നമുക്ക് എടുത്ത് വിൽക്കാം സമ്മതിച്ചു അങ്ങനെ അവർ ആ ജോലി ചെയ്യുവാൻ തുടങ്ങി. ആ മധുരക്കിഴങ്ങ് വിളഞ്ഞു അങ്ങനെ അവർ ആ ഫലങ്ങൾ ചന്തയിൽ കൊണ്ടുപോയി വിൽക്കുകയും അതിൽ നിന്നും കിട്ടുന്ന പ്രതിഫലം ശേഖരിച്ച് ഒരു വർഷം കടന്നതിനുശേഷം ഒരു കടില് വയ്ക്കുകയും അവരുടെ മാതാപിതാക്കളുടെ ഓർമ്മയ്ക്കായി ഒരു വെള്ളാരം വീടിൻറെ ഉള്ളിൽ പ്രതിഷ്ഠിക്കുകയും ചെയ്തു അങ്ങനെ ഒരു പുരോഗതി ഉണ്ടാവുകയും ചെയ്തു അങ്ങനെ അടുത്ത നാട്ടുകാരനായ രണ്ടുപേർ അവരെ വിവാഹം കഴിച്ചു അങ്ങനെ അതൊരു വസന്തമായി മാറി

ഷാൻ മുഹമ്മദ് 9D

# ഹൃദയത്തിൻ്റെ ശബ്ദം

മറഞ്ഞ സ്വപ്നങ്ങൾ  ഹൃദയത്തിലുണ്ട്,
വാക്കുകളിൽ പടർന്നുപോവാനില്ല.
കഴിഞ്ഞകാലം ഓർമ്മകളായി.
നാളെയുടെ  പ്രതീക്ഷ ഇലകളായി.

ഒറ്റയ്ക്ക് നിന്നാലുംഭയം ഇല്ല.
വിശ്വാസം എന്നെ മുന്നോട്ട് നയിക്കുന്നു.
ചില നിമിഷങ്ങൾ വെളിച്ചം പോലെ,
മറുപുറം കാണാതെ മാറിപ്പോകുന്നു.

ഇന്നത്തെ ചെറിയശ്രമങ്ങൾ,
നാളെയുടെ വിജയമായി തിളങ്ങും.

നാഫിഅ . എസ്
8A

# മാമരച്ചോട്ടിലെ ഓർമ്മപ്പൂക്കൾ

മാമരച്ചോട്ടിൽ ഉണ്ട് പുഷ്പങ്ങൾ ഓർമ്മയിൽ മാത്രം മാരിയായ മാരിവില്ല് തെളിഞ്ഞു നിനക്കായി സ്വർഗ്ഗം പുഷ്പങ്ങൾ ആയി കവിഞ്ഞു നിൽക്കുന്ന സ്വർഗീയ ഓർമ്മകൾ നിനക്കായി കവിഞ്ഞു നടനം ഈ നിമിഷം ഓർമ്മയിൽ മാത്രം എൻ പ്രിയ മാമരച്ചോട്ടിൽ നിന്നെ കാത്തു ഞാൻ ഇരിക്കെ പക്ഷേ നീ നടനം ഓർമ്മയിൽ മാത്രം മാമരച്ചോട്ടിലെ ഓർമ്മ പുസ്തകങ്ങൾ ഓർക്കുന്നു ഞാൻ ലളിതേ നീ മറന്നാലും ഞാൻ മറക്കില്ല എൻ പ്രിയ സ്നേഹ സൗഹൃദമേ നീ എൻ മനം നിൻ മനം സ്നേഹം നിറയ്ക്കാൻ ദൈവമേ നീ വാഴുക കൃതിയെ താമരച്ചോട്ടിലെ ഓർമ്മപുഷ്പങ്ങൾ ഓർമ്മയിൽ മാത്രം പുഷ്പങ്ങൾ ഈ നിമിഷം ഓർമ്മയിൽ മാത്രം മാമരചോട്ടിലെ ഓർമ്മപുഷ്പങ്ങൾ മറക്കില്ല ഞാൻ എൻ ദൈവമേ മറക്കില്ല ഞാൻ ഒരുനാളും

അഷിജ S R
7A

# എത്ര സുന്ദരം

ഓർമ്മതൻ പൂക്കൾ വിരിഞ്ഞു മാമരച്ചോട്ട് ഒരു കൊച്ചു സ്വപ്നം വിരി ഞ്ഞോരി മാമരച്ചോട്ടിൽ നിലാവിനെ നോക്കി കിടന്ന ദിവസങ്ങൾ ഓർമ്മകൾ മിന്നി മറയും മനസ്സിൽ പൊട്ടിയ മാലതൻ മുത്തുകൾ പോലെ ചിന്നിച്ചിതറി കിടക്കുന്ന നക്ഷത്രങ്ങൾ ആകാശമാകെ നിറയുമ്പോൾ ആകാശ സൗന്ദര്യം നിറയുന്ന കനകത്തേക്കാൾ മോഹനിയം ഈ ഓർമ്മകൾ പക്ഷേ ഇന്ന് ഈ പുതുതലമുറയ്ക്ക് ലഭിക്കാതെ പോകുന്ന ഓർമ്മകൾ ഇനി ഓർമ്മകൾ

ജോമിയ M ജോസ്
7 A

# മായുന്ന നിറങ്ങൾ

ആരു കൊടുത്തു ആന ചേട്ടന് കറുപ്പ് നിറം ആരോ കൊടുത്തു പൂച്ച ചേട്ടന് വെള്ള നിറം
ആരു കൊടുത്തു സിംഹ ചേട്ടനു മഞ്ഞനിറം
ആരു കൊടുത്തു കടുവ ചേട്ടന് ഓറഞ്ച് നിറം കൊടുത്തു ആകാശത്തിന് നീല നിറം
ആരു കൊടുത്തു മേക്കത്തിനു വെള്ള നിറം ആരു കൊടുത്തു പച്ചപ്പിന് പച്ച നിറംരുമിന്
കറുപ്പുനിറം ആരോ കൊടുത്തു തത്തമ്മയ്ക്ക് പച്ച നിറം ആരു കൊടുത്തുമൈലമ്മക്ക്
മേലെ ആര് കൊടുത്തു പ്രാവമ്മയ്ക്ക് വെള്ള നിറം
ആരു കൊടുത്തു കടലിന് നീലനിറം ആരോ കൊടുത്തു ചെടികൾക്ക് പച്ചനിറം ആരോ
കൊടുത്തു മഴവില്ലിന് ഏഴു നിറഞ്ഞു എല്ലാം അറിയുന്ന ഈശ്വരനാണ് നിറം
കൊടുത്തത് പിന്നെ എന്താ ദൈവമേ സ്വപ്നങ്ങൾക്ക് മാത്രം നിറമില്ലാത്തെ

ശ്രേയസ്സ് ജെ ഗിരി
8I

# യാത്ര

ഓർമ്മകളുടെ പുസ്തകം തുറക്കുമ്പോൾ മുത്തശ്ശിയോടും കഥകളി മനസ്സിൽ പൂക്കൾ പോലെ പൂത്തുലയുമ്പോൾ പൂമരക്കൊമ്പിൽ പാടും മൈനറൻ പാട്ട് ഇന്നുമെന്നോർമ്മയിൽ പൂത്തുലയുമ്പോൾ ആ ഓർമ തന്നെ ചിത്രശലഭങ്ങളുടെ തേനു പോലുള്ള ചിറകടികൾ എത്ര സുന്ദരം പൂക്കളിൽ നിന്ന് മധുബൻ എൻ പാതിൽ പൂക്കളുടെ മധുരമാണ് ഗാനമാലപിക്കുന്ന ഓടിക്കളിക്കും കുട്ടികളെ കാണുമ്പോൾ ഞാനും ഒരു കുട്ടിയായി മാറുന്ന ആ ഓർമ്മകൾ മനസ്സിൽ കുട്ടിയായി മാറ്റുന്ന എന്നോർമ്മ സ്വപ്ന കൂടാരത്തിലൂടെ ഞാനാ യാത്ര തുടരുന്ന ഭേദമില്ല എൻ പ്രിയ മനസ്സിലൂടെ ആ യാത്ര ഞാൻ തുടരുന്നു

അഭിരാമി SS
7 B

# പൂക്കുന്ന മുകുളങ്ങൾ

ആകാശ വിദ്യാലയത്തിൻ കീഴയാൽ ആരോരും ആഷിക്കിൻ കിനാവുമായി ആർ തിരുമ്പുന്ന മനസ്സുമായി ആദ്യാക്ഷരത്തിൻ വിളക്കുകൾ കുഞ്ഞു പെങ്ങളോട് കൂടെയായി കൂട്ടണം കുട്ടൻ അങ്ങനെ വരവായി കൂട്ടായി വരുന്ന ഒരു മൈനകളും കാട്ടിളക്കുന്ന കുരുവികളും പൂവലും നാഥവും താളവും എല്ലാം കൊച്ചു വിദ്യാലയത്തിൽ പരന്നു. ഓർമ്മകൾ വിടരും കുഞ്ഞു പൂന്തോട്ടത്തിൽ മാമരങ്ങളുടെ കാവലായി നിൽക്കുന്ന കുഞ്ഞു മുത്തുകൾ വിടരുമ്പോൾ കുഞ്ഞുങ്ങൾ തൻ വിസ്മയമായി കുഞ്ഞു വിദ്യാലയ പൂന്തോട്ടത്തിൽ കുഞ്ഞു കിനാവുകൾ പൂക്കുകയായി

അലീന AS

ഏഴ് B

# സ്കൂൾ ക്കാലം

ഓർമ്മയാകുന്നു എൽപി സ്കൂൾ ഓർമ്മയാണ് എൻ കൊച്ചു കൂട്ടുകാർ
ഓർമ്മയാകുന്നു ആ പൂക്കാലം ഓർമ്മയാകുന്നു ഓർമ്മ പൂക്കളെ പോലെ
മനസ്സിൽ മാറിമറിയുന്നു ടീച്ചർമാർ ആ മാവിൻ ചുവട്ടിൽ നിന്നും കളിക്കുന്ന
നിമിഷം ഓർമ്മയാകുന്നു പാഠപുസ്തകങ്ങളിൽ സുഗന്ധം ഓർമ്മയാകുന്നു
മത്സരവേദികൾ ഓർമ്മയാകുന്നു കൂടിക്കളിച്ചുരസിക്കുന്ന കാലം
ചെറുതുമ്പികളെ നടന്ന കാലം ഓർമ്മയാകുന്നു എല്ലാം ഓർമ്മയാകുന്നു

പ്രണവ് മഹേഷ് S 7 F

# എന്നിലൂടെ മാത്രം

നിറമില്ലെങ്കിലും മനം പീരടത്തും ചിറകില്ലെങ്കിലും മാനം കീഴടക്കം മണമില്ലെങ്കിലും രുചിയുണ്ടാകം നിറമില്ലെങ്കിലും കാണാം സ്വപ്നം. മനസ്സ് കീഴടക്കുന്ന സ്വപ്നങ്ങൾ യാഥാർത്ഥ്യമായി മാറ്റുന്നതാണ് കഴിവുകൾ സ്വപ്നത്തിൽ മരിക്കാം വീണ്ടും വീണ്ടും ജനിക്കാം പണ്ടത്തെല്ലാം മറക്കാം കാണാത്തതും കേൾക്കാം കാണുന്നത് കേൾക്കാം കാണാത്തതും കേൾക്കാം സ്വപ്നങ്ങളെ എന്നെ തേടി വരിക എന്നെ മാത്രം എന്നെ മാത്രം തേടി വരുക എനിക്ക് കാണണം നിന്നെ എനിക്ക് മാത്രം എന്നിലൂടെ മാത്രം

**ശ്രീജിത്ത് S**
**XF**

# നെറ്റ്‌വർക്ക് ഇല്ലാത്ത ദിവസം

അന്ന് രാവിലെ ഫോണിൽ നെറ്റ്‌വർക്ക് ഇല്ലായിരുന്നു.

രമേഷ് ആദ്യം അല്പം അസ്വസ്ഥനായി.

വാട്സാപ്പില്ല, ഇൻസ്റ്റാഗ്രാമില്ല, ന്യൂസില്ല.

ലോകം പെട്ടെന്ന് നിശബ്ദമായി.

അവൻ വീട്ടുവളപ്പിലേക്ക് ഇറങ്ങി.

വർഷങ്ങളായി ശ്രദ്ധിക്കാത്ത മാവിൻചുവട്ടിൽ ഒരു കുട്ടി ഇരുന്നു കളിക്കുകയായിരുന്നു.

"എന്താ കളി?" രമേഷ് ചോദിച്ചു.

"കല്ലും ഓടയും, അങ്കിളേ" കുട്ടി ചിരിച്ചു.
രമേഷ് ആദ്യമായി ശ്രദ്ധിച്ചു—

ആ ചിരിക്ക് ഫിൽറ്റർ വേണ്ട.

ലൈക്ക് വേണ്ട.

ഷെയർ വേണ്ട.

അമ്മ അടുക്കളയിൽ പഴയ റേഡിയോ ഓണാക്കി.
ശബ്ദം പൊട്ടിപ്പൊളിഞ്ഞെങ്കിലും

പാട്ടിന് ഒരു ആത്മാവുണ്ടായിരുന്നു.

അയൽവാസി കൃഷ്ണേട്ടൻ വന്ന് പറഞ്ഞു:

"നെറ്റ്‌വർക്ക് പോയാൽ

മനുഷ്യർക്കിടയിലെ കണക്ഷൻ ശക്തമാകും."

സന്ധ്യയ്ക്ക് നെറ്റ്‌വർക്ക് തിരികെ വന്നു.

ഫോൺ വീണ്ടും മുഴങ്ങി.
എന്നാൽ രമേഷ് കുറച്ച് സമയം

അത് കൈയിൽ എടുക്കാതെ ഇരുന്നു.
കാരണം—
അവൻ ആ ദിവസം

ലോഗ് ഔട്ട് ചെയ്തതല്ല,
സ്വന്തം ജീവിതത്തിലേക്ക്

ലോഗിൻ ചെയ്യുതായിരുന്നു.

By Anakha V Kumar 10 A

## മറൈൻ ഡ്രൈവ് – ഒരു സുഖകരമായ യാത്ര

ഞാൻ അടുത്തിടെ കുടുംബത്തോടൊപ്പം കൊച്ചിയിലെ മറൈൻ ഡ്രൈവ് സന്ദർശിച്ചു. കടലിനോട് ചേർന്ന മനോഹരമായ നടപ്പാതയാണ് മറൈൻ ഡ്രൈവ്. അവിടെയെത്തിയപ്പോൾ തന്നെ കടലിന്റെ ശുദ്ധമായ കാറ്റും തിരമാലകളുടെ ശബ്ദവും മനസ്സിന് വലിയ സന്തോഷം നൽകി. വൈകുന്നേര സമയത്ത് അവിടെയുണ്ടായിരുന്ന കാഴ്ചകൾ വളരെ മനോഹരമായിരുന്നു. സൂര്യാസ്തമയം കാണാൻ നിരവധി ആളുകൾ അവിടെ എത്തിയിരുന്നു. കുട്ടികൾ സന്തോഷത്തോടെ കളിക്കുകയും മുതിർന്നവർ കടൽ കണ്ട് വിശ്രമിക്കുകയും ചെയ്തു. കടലിൽ നീങ്ങുന്ന ബോട്ടുകളും അകലെയായി കാണുന്ന വലകളും എനിക്ക് ഏറെ ഇഷ്ടപ്പെട്ടു. നടപ്പാതയിലൂടെ നടക്കുമ്പോൾ കടലിന്റെ നീല നിറവും ആകാശത്തിന്റെ സൗന്ദര്യവും ഒരുമിച്ച് കാണാൻ കഴിഞ്ഞു. കടൽക്കാറ്റ് മുഖത്ത് തഴുകിയപ്പോൾ എല്ലാ ക്ഷീണവും മാറിയതുപോലെ തോന്നി. അവിടെയുള്ള ശുചിത്വവും ക്രമവും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. മറൈൻ ഡ്രൈവ് ഒരു സുഖകരമായ അനുഭവമായിരുന്നു. പ്രകൃതിയുടെ സൗന്ദര്യം അടുത്തറിയാൻ കഴിയുന്ന ഒരു മികച്ച സ്ഥലമാണ് ഇത്. ഈ യാത്ര എന്റെ മനസ്സിൽ ഒരിക്കലും മറക്കാനാകാത്ത ഒരു ഓർമ്മയായി മാറി.

രാഹുൽ.വിക്ടർ
10 G

# ഒരു അവധിക്കാല യാത്രാനുഭവം

ഈ വർഷത്തെ ക്രിസ്മസ് അവധിക്കാലത്ത് കുടുംബത്തോടൊപ്പം തിരുവനന്തപുരം മൃഗശാല സന്ദർശിക്കാൻ എനിക്ക് അവസരം ലഭിച്ചു. പരീക്ഷകളുടെ സമ്മർദ്ദത്തിൽ നിന്ന് മാറി ഒരു സന്തോഷയാത്രയായിരുന്നു അത്. രാവിലെ തന്നെ യാത്ര തിരിച്ച് പച്ചപ്പാർന്ന മൃഗശാലാ പരിസരത്തെത്തിയപ്പോൾ മനസ്സിൽ പ്രത്യേക സന്തോഷം നിറഞ്ഞു.

മൃഗശാലയിൽ പ്രവേശിച്ചപ്പോൾ ആദ്യം വർണ്ണാഭമായ പക്ഷികളെയാണ് കാണാനായത്. തുടർന്ന് സിംഹം, കടുവ, ആന, മാൻ തുടങ്ങിയ മൃഗങ്ങളെയും കണ്ടു. ഓരോ മൃഗത്തെയും കുറിച്ചുള്ള വിവരഫലകങ്ങൾ ഏറെ അറിവ് നൽകുന്നതായിരുന്നു.

എനിക്ക് ഏറ്റവും ഇഷ്ടമായത് ആനകളെയും ജിറാഫുകളെയും കാണാനായിരുന്നു. പ്രകൃതിയോടൊപ്പം ഒരുക്കിയിരിക്കുന്ന മൃഗശാലയുടെ അന്തരീക്ഷം ഏറെ മനോഹരമായിരുന്നു. ജീവജാലങ്ങളെ സ്നേഹിക്കാനും സംരക്ഷിക്കാനും നമ്മൾ ഉത്തരവാദികളാണെന്ന ബോധം ഈ യാത്ര എനിക്ക് നൽകി. ക്രിസ്മസ് അവധിയിലെ ഈ യാത്ര എന്റെ മനസ്സിൽ നല്ലൊരു ഓർമ്മയായി എന്നും നിലനിൽക്കും

**വിശ്വലാൽ 10G**

ഒരിക്കൽ ഒരു ഗ്രാമത്തിൽ അമിതമായി അഹങ്കരിച്ചിരുന്ന ഒരു മുയലുണ്ടായിരുന്നു. താൻ ഓടുന്നതുപോലെ വേഗത്തിൽ ഓടാൻ ആർക്കും കഴിയില്ലെന്ന് മുയൽ എപ്പോഴും വീമ്പു പറയുമായിരുന്നു.

ഒരു ദിവസം മുയൽ വഴിയിൽ വെച്ച് ഒരു ആമയെ കണ്ടു. ആമയുടെ പതുക്കെയുള്ള നടത്തം കണ്ട് മുയൽ പരിഹസിച്ചു ചിരിച്ചു. ദേഷ്യം വന്ന ആമ മുയലിനെ ഒരു ഓട്ടമത്സരത്തിന് വെല്ലുവിളിച്ചു. മുയൽ അത് ചിരിച്ചുകൊണ്ട് സ്വീകരിച്ചു.

മത്സരം തുടങ്ങി. മുയൽ വളരെ വേഗത്തിൽ ഓടി ദൂരെയെത്തി. തിരിഞ്ഞു നോക്കിയപ്പോൾ ആമയെ എങ്ങും കാണാനില്ലായിരുന്നു. "ആമ വരാൻ ഇനിയും ഒരുപാട് സമയമെടുക്കും, അതുവരെ ഒരു മരത്തണലിൽ കുറച്ചുനേരം വിശ്രമിക്കാം" എന്ന് കരുതിയ മുയൽ അവിടെ കിടന്ന് ഉറങ്ങിപ്പോയി.

എന്നാൽ ആമ ഒട്ടും തളരാതെ പതുക്കെയാണെങ്കിലും ലക്ഷ്യസ്ഥാനത്തേക്ക് നടന്നുകൊണ്ടിരുന്നു. ഉറക്കമുണർന്ന മുയൽ ആഞ്ഞു ഓടിയെങ്കിലും അപ്പോഴേക്കും ആമ ഫിനിഷിംഗ് ലൈനിൽ എത്തിയിരുന്നു. ആമ മത്സരത്തിൽ വിജയിച്ചു.

വിഷ്ണു s 8A

# അതിജീവനത്തിന്റെ ലഹരി

പണ്ട് ഗ്രാമത്തിലെ ഏറ്റവും മിടുക്കനായ ഫുട്ബോൾ താരം ആയിരുന്നു രാഹുൽ. അവന്റെ ഓരോ ഗോളും ഗാലറിയിൽ വലിയ ആവേശം തീർത്തിരുന്നു. എന്നാൽ കോളേജ് പഠനകാലത്ത് "ഒന്ന് പരീക്ഷിച്ചു നോക്കൂ" എന്ന് പറഞ്ഞ് സുഹൃത്തുക്കൾ നൽകിയ ചെറിയൊരു ലഹരി പദാർത്ഥം രാഹുലിന്റെ ജീവിതം മാറ്റിമറിച്ചു.
തുടക്കത്തിൽ അത് വെറുമൊരു കൗതുകമായിരുന്നു. പിന്നീട് അതൊരു ശീലമായി, ഒടുവിൽ ലഹരിയില്ലാതെ ജീവിക്കാൻ കഴിയില്ല എന്ന അവസ്ഥയിലായി. കളിക്കളം അവന് അന്യമായി. പഠനത്തിൽ അവൻ പിന്നിലായി. സ്നേഹനിധിയായ അമ്മയുടെ കണ്ണീരോ, കഷ്ടപ്പെട്ട് പണിയെടുക്കുന്ന അച്ഛന്റെ വാക്കുകളോ അവനെ സ്വാധീനിച്ചില്ല. ലഹരി വാങ്ങാൻ പണമില്ലാതെ വന്നപ്പോൾ അവൻ വീട്ടിലെ സാധനങ്ങൾ വരെ മോഷ്ടിച്ചു തുടങ്ങി.
ഒരു മഴയുള്ള രാത്രിയിൽ, ലഹരിയുടെ അമിത ഉപയോഗം കാരണം രാഹുൽ റോഡരികിൽ ബോധരഹിതനായി വീണു. ആരും സഹായിക്കാനില്ലാതെ കിടന്ന അവനെ പിറ്റേന്ന് രാവിലെ നാട്ടുകാരായ ചിലർ ചേർന്ന് ആശുപത്രിയിലെത്തിച്ചു. ലഹരി അവന്റെ ശരീരത്തെ കാർന്നുതിന്നിരുന്നു. ബോധം വീണപ്പോൾ കണ്ടത് തന്റെ അരികിലിരുന്ന് വിങ്ങിക്കരയുന്ന അമ്മയെയാണ്. ആ കണ്ണുനീർ അവന്റെ ഉള്ളുപൊള്ളിച്ചു.
ആശുപത്രിയിൽ നിന്ന് പുറത്തിറങ്ങിയ രാഹുൽ ഒരു തീരുമാനമെടുത്തു: "ഇനി ഒരിക്കലുമില്ല." അവൻ കേരള പോലീസിന്റെ 'യോദ്ധാവ്' പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന കൗൺസിലിംഗ് സെന്ററിലെത്തി. കഠിനമായ മാസങ്ങളായിരുന്നു അത്. മരുന്നുകളേക്കാൾ ഉപരിയായി വീട്ടുകാരുടെ പിന്തുണയും തന്റെ പഴയ ഫുട്ബോൾ ജീവിതത്തിലേക്കുള്ള മടങ്ങിവരവും അവന് ആത്മവിശ്വാസം നൽകി.
ഒരു വർഷത്തിന് ശേഷം, അതേ ഗ്രാമത്തിലെ മൈതാനത്ത് ഒരു ലഹരിവിരുദ്ധ ഫുട്ബോൾ ടൂർണമെന്റ് നടന്നു. അതിന്റെ ഉദ്ഘാടകൻ മറ്റാരുമായിരുന്നില്ല, ലഹരിയെ തോൽപ്പിച്ച് ജീവിതത്തിലേക്ക് തിരിച്ചുവന്ന രാഹുലായിരുന്നു. മൈതാനത്തെ മൈക്കിലൂടെ അവൻ വിളിച്ചു പറഞ്ഞു:
"ലഹരി നിങ്ങൾക്ക് നൽകുന്നത് താൽക്കാലികമായ ഒരു ലോകമാണ്. എന്നാൽ അത് തകർക്കുന്നത് നിങ്ങളുടെയും നിങ്ങളുടെ കുടുംബത്തിന്റെയും ജീവിതമാണ്. ജീവിതത്തോടും സ്പോർട്സിനോടും 'അതെ' എന്നും ലഹരിയോട് 'അരുത്' എന്നും പറയുക."
ഗ്രാമം മുഴുവൻ അവന് വേണ്ടി കൈയടിച്ചു. ആ കൈയടികൾ അവന് നൽകിയത് ലഹരിയേക്കാൾ വലിയൊരു ലഹരിയായിരുന്നു—അതിജീവനത്തിന്റെ ലഹരി!

Ashas 10 A

# ലഹരി വിരുദ്ധത: ഒരു സമൂഹത്തിന്റെ ഉത്തരവാദിത്തം

ലഹരി ഉപയോഗം ആഗോളതലത്തിൽ ഒരു വലിയ വെല്ലുവിളിയായി മാറിയിരിക്കുന്നു. മയക്കുമരുന്നും മദ്യവും പോലുള്ള ലഹരി പദാർത്ഥങ്ങൾ വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തെ നശിപ്പിക്കുന്നു. ലഹരി ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും, ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യേണ്ടത് അനിവാര്യമാണ് .

ലഹരിയുടെ വിപത്തുകളെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുക, യുവജനങ്ങളെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക, ലഹരി ഉപയോഗിക്കുന്നവർക്ക് ചികിത്സയും പിന്തുണയും നൽകുക എന്നിവ ലഹരി വിരുദ്ധതയുടെ പ്രധാന ഘടകങ്ങളാണ് .

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ വിദ്യാലയങ്ങൾ, കോളേജുകൾ, സമൂഹം എന്നിവയുടെ പങ്കാളിത്തത്തോടെ നടത്തണം. ലഹരി ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക, ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുക, ലഹരി ഉപയോഗിക്കുന്നവർക്ക് ചികിത്സ നൽകുക എന്നിവ ഈ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

ലഹരി വിരുദ്ധത ഒരു സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. നമുക്കെല്ലാം ഒരുമിച്ച് പ്രവർത്തിച്ച് ലഹരിമുക്തമായ ഒരു സമൂഹം സൃഷ്ടിക്കാം .

Sanush 10F

# സ്വപ്നം

അമ്മതൻ സ്നേഹത്താലോടലിൽ നിന്ന്
ഞാൻ സ്വപ്നത്തിലേക്ക് വഴുതി വീണു
അവിടെ ഞാൻ കണ്ടു മാനവർ സദാ
ശത്രുക്കളായ് വസിച്ചിടുന്നു
ജാതിയും മതവും വർണ്ണവും വർഗ്ഗവും
ചൊല്ലിയോരോർത്തരും വഴക്കിടുപ്പൂ
അവിടുത്തെ കാഴ്ചകൾ എൻമനമാകെ
കാർമേഘക്രൂടാരമാക്കി മാറ്റി
അവിടുന്ന് നീന്തിത്തുടിച്ച് ഞാൻ
മറ്റൊരു സുന്ദര ലോകമെത്തി
അവിടെ ഞാൻ കണ്ട മാനവർ
സദാ സ്നേഹത്താലെ വസിച്ചീടുന്നു
ആ ദൃശ്യം എൻ മനമാകെയൊരു
കുളിർമയാം മഴ സമ്മാനിപ്പൂ.

ANAMIKA 8C

# സുഹൃത്തുക്കളായ ആനയും ഉറുമ്പും

പണ്ട് പണ്ട് ഒരു കാട്ടിൽ വലിയൊരു ആനയും ചെറിയൊരു ഉറുമ്പും സുഹൃത്തുക്കളായിരുന്നു. അവരുടെ സൗഹൃദം ആ കാട്ടിലെ മറ്റുള്ളവർക്ക് ഒരു അത്ഭുതമായിരുന്നു. കാരണം, അവർ തമ്മിൽ വലുപ്പത്തിൽ വലിയ വ്യത്യാസമുണ്ടായിരുന്നല്ലോ.

ഒരു ദിവസം ആന പുഴയിൽ കുളിക്കാൻ പോയപ്പോൾ കാൽ വഴുതി പുഴയിലേക്ക് വീണു. എത്ര ശ്രമിച്ചിട്ടും ആനയ്ക്ക് കരയിലേക്ക് കയറാൻ കഴിഞ്ഞില്ല. ആനയുടെ കരച്ചിൽ കേട്ട് അതുവഴി വന്ന ഉറുമ്പ് ആനയെ സഹായിക്കാൻ തീരുമാനിച്ചു. ഉറുമ്പ് വേഗത്തിൽ ചെന്ന് പുഴയുടെ അടുത്തുള്ള ഒരു വലിയ വള്ളി ആനയുടെ അടുത്തേക്ക് ഇട്ടുകൊടുത്തു.

ആന ആ വള്ളിയിൽ മുറുകെ പിടിച്ചു. ഉറുമ്പ് മറ്റ ഉറുമ്പുകളുടെ സഹായത്തോടെ ആ വള്ളി ഒരു പാറയിൽ കെട്ടിയിട്ടു. അങ്ങനെ ആന പതുക്കെ പതുക്കെ കരയിലേക്ക് കയറി രക്ഷപ്പെട്ടു.

ആനയ്ക്ക് ഉറുമ്പിനോട് വളരെ നന്ദി തോന്നി. അന്ന് മുതൽ അവർ കൂടുതൽ നല്ല സുഹൃത്തുക്കളായി. വലുപ്പച്ചെറുപ്പമില്ലാതെ സഹായിച്ചാൽ ഏത് ആപത്തിൽ നിന്നും രക്ഷപ്പെടാം എന്ന വലിയൊരു പാഠം ആ കാട്ടിലെ എല്ലാവർക്കും മനസ്സിലായി.

Dhanush 10A

# സിംഹവും എലിയും

ഒരിക്കൽ, ഒരു ഇടതൂർന്ന കാട്ടിൽ, ഒരു തണൽ മരത്തിന്റെ ചുവട്ടിൽ ഒരു ശക്തനായ സിംഹം ഗാഢനിദ്രയിലായിരുന്നു. സമീപത്ത് കളിച്ചുകൊണ്ടിരുന്ന ഒരു ചെറിയ എലി അബദ്ധത്തിൽ സിംഹത്തിന്റെ കാലിൽ ഇടിച്ചുകയറി അതിനെ ഉണർത്തി. ശല്യപ്പെടുത്തിയതിൽ കോപിച്ച സിംഹം എലിയെ പിടിച്ചു ചതയ്ക്കാൻ പോവുകയായിരുന്നു.
"ദയവായി കാട്ടിലെ രാജാവേ," എലി അപേക്ഷിച്ചു, "ഇത്തവണ എന്നോട് ക്ഷമിക്കൂ. നീ എന്നെ വിട്ടയച്ചാൽ, ഒരു ദിവസം എനിക്ക് നിന്നെ സഹായിക്കാൻ കഴിഞ്ഞേക്കും".
ഇത്രയും ചെറിയ ഒരു ജീവി തന്നെ സഹായിക്കാൻ അസാധ്യമാണെന്ന് കരുതി സിംഹം ചിരിച്ചു, പക്ഷേ അത് രസിച്ചു, എലിയെ പോകാൻ തീരുമാനിച്ചു.
കുറച്ച് ദിവസങ്ങൾക്ക് ശേഷം, സിംഹം ഒരു വേട്ടക്കാരന്റെ വലയിൽ കുടുങ്ങി. അവൻ നിരാശയോടെ ഉച്ചത്തിൽ അലറി. എലി അവന്റെ നിലവിളി കേട്ട് സ്ഥലത്തേക്ക് പാഞ്ഞു. ഒരു നിമിഷം പോലും പാഴാക്കാതെ, എലി അതിന്റെ മൂർച്ചയുള്ള പല്ലുകൾ ഉപയോഗിച്ച് കട്ടിയുള്ള കയറുകളിൽ കടിക്കാൻ തുടങ്ങി. താമസിയാതെ, കയറുകൾ പൊട്ടി, സിംഹം സ്വതന്ത്രനായി. സിംഹം ചെറിയ എലിയോട് നന്ദി പറഞ്ഞു, ഒരു ചെറിയ സുഹൃത്തിന് തീർച്ചയായും വലിയ സഹായമാകുമെന്ന് മനസ്സിലാക്കി.

Aron 7E

## കഥകളി – കേരളത്തിന്റെ അഭിമാനം

കേരളത്തിന്റെ സമ്പന്നമായ കലാസാംസ്കാരിക പാരമ്പര്യത്തിലെ ഏറ്റവും പ്രശസ്തമായ നൃത്തരൂപമാണ് കഥകളി. ലോകമെമ്പാടും കേരളത്തെ പരിചയപ്പെടുത്തുന്ന ഒരു കലാരൂപമായി കഥകളി അറിയപ്പെടുന്നു. നാടോടി കലകളിൽ നിന്നും ക്ഷേത്രകലകളിൽ നിന്നും വികസിച്ചുവന്ന ഈ നൃത്തരൂപം ഏകദേശം 300 വർഷത്തെ ചരിത്രമുള്ളതാണ്.
കഥകളിയിൽ അഭിനയിക്കുന്നവർ വർണ്ണാഭമായ വേഷങ്ങളും മുഖംമൂടികളും അണിഞ്ഞാണ് അരങ്ങിലെത്തുന്നത്. പച്ച, കത്തി, താടി, കരി തുടങ്ങിയ വ്യത്യസ്ത വേഷങ്ങൾ കഥാപാത്രങ്ങളുടെ സ്വഭാവം വ്യക്തമാക്കുന്നു. മുഖഭാവങ്ങൾ, കണ്ണുകളുടെ ചലനങ്ങൾ, കൈമുദ്രകൾ എന്നിവയിലൂടെ കഥ പറയുന്നതാണ് കഥകളിയുടെ പ്രത്യേകത. സംഭാഷണങ്ങൾ ഇല്ലാതെ തന്നെ കഥ പ്രേക്ഷകരിലേക്ക് എത്തിക്കാൻ കഴിയുന്ന കലാരൂപമാണ് കഥകളി.
പുരാണകഥകളും ഇതിഹാസങ്ങളുമായ രാമായണം, മഹാഭാരതം, ഭാഗവതം എന്നിവയാണ് കഥകളിയുടെ പ്രധാന ആധാരം. കഥകളിയിലെ സംഗീതം, ചുവടുകൾ, ചലനങ്ങൾ എന്നിവ കഠിനമായ പരിശീലനത്തിലൂടെയാണ് കൈവരിക്കുന്നത്. ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം തുടങ്ങിയ വാദ്യോപകരണങ്ങളാണ് കഥകളിയിൽ ഉപയോഗിക്കുന്നത്.
കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ അഭിമാനമായ കഥകളി ഇന്നും ലോകമെമ്പാടുമുള്ള കലാപ്രേമികളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ഈ മഹത്തായ കലാരൂപം സംരക്ഷിക്കുകയും പുതുതലമുറയ്ക്ക് കൈമാറുകയും ചെയ്യുന്നത് നമ്മുടെ കടമയാണ്.

ജിതേഷ് 10F

# ക്ലിക്കുകൾ മാറ്റിയ ജീവിതം

ആദിൽ എട്ടാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു. പുസ്തകങ്ങളേക്കാൾ അവനെ ആകർഷിച്ചത് മൊബൈൽ ഫോണും കമ്പ്യൂട്ടറുമായിരുന്നു. ഒരുപാട് പേർ അവനോട് പറഞ്ഞു:
“ഇത്രയും സാങ്കേതിക വിദ്യ നല്ലതല്ല.”
എന്നാൽ ആദിലിന് അത് ഒരു കളിപ്പാട്ടമല്ല, ഒരു അവസരമായിരുന്നു.
ഒരു ദിവസം സ്കൂളിൽ ഓൺലൈൻ ക്ലാസ് ശരിയായി നടക്കാതെ കുട്ടികൾ ബുദ്ധിമുട്ടി. അധ്യാപകർ ആശങ്കപ്പെട്ടു. അപ്പോൾ ആദിൽ മുന്നോട്ട് വന്നു. അവൻ ചെറിയ മാറ്റങ്ങൾ ചെയ്ത് ഇന്റർനെറ്റ് പ്രശ്നം പരിഹരിച്ചു. ക്ലാസ് വീണ്ടും സുഗമമായി തുടങ്ങി.
അന്നാണ് എല്ലാവരും മനസ്സിലാക്കിയത്—
സാങ്കേതിക വിദ്യ പ്രശ്നമല്ല, അതിനെ ഉപയോഗിക്കുന്ന രീതി തന്നെയാണ് പ്രധാനമെന്ന്.
പിന്നീട് ആദിൽ കൂട്ടുകാരെ കൂടി ചേർത്ത് “ടെക് ക്ലബ്” ആരംഭിച്ചു. കർഷകർക്ക് കാലാവസ്ഥ അറിയാൻ ആപ്പുകൾ, മുതിർന്നവർക്ക് ഓൺലൈൻ സേവനങ്ങൾ—ഇങ്ങനെ സാങ്കേതിക വിദ്യ മനുഷ്യരെ സഹായിക്കുന്ന ഒരു ഉപകരണമായി മാറി.
ആദിൽ പറഞ്ഞു:
“സാങ്കേതിക വിദ്യ മനുഷ്യനെ അകറ്റാൻ അല്ല, മനുഷ്യരെ അടുത്താക്കാൻ വേണ്ടതാണ്.”

മുഹമ്മദ് സാബിത്. എം
10F

# നന്മ തൻ മരം

നന്മ തൻ മരം നട്ട്
നന്മ വിളയിക്കാം
തിന്മ തൻ കടയ്ക്കൽ
കോടാലി വെച്ചിടാം

സ്നേഹത്തിൻ മരം നട്ട്
സ്നേഹിച്ച ജീവിക്കാം
വെറുപ്പിൻ കടയ്ക്കൽ
കോടാലി വെച്ചിടാം

ജ്ഞാനമാം മരം നട്ട്
വിജ്ഞാനം നിറച്ചിടാം
അജ്ഞാനക്കടയ്ക്കൽ
കോടാലി വെച്ചിടാം

ക്ഷമ തൻ മരം നട്ട്
ക്ഷമയോടെ ജീവിക്കാം
അക്ഷമ തൻ കടയ്ക്കൽ
കോടാലി വെച്ചിടാം

സത്യത്തിൻ മരം നട്ട്
സത്യം നിറച്ചിടാം
അസത്യത്തിൻകടയ്ക്കൽ
കോടാലി വെച്ചിടാം

കരുണ തൻ മരം നട്ട്
കാരുണ്യം ശീലിക്കാം
ക്രൂരതയുടെ കടയ്ക്കൽ
കോടാലി വെച്ചിടാം.

സത്യ സമത്വസ്നേഹ
സഹന സാഹോദര്യങ്ങൾ
നിത്യംചേർത്തുവെച്ചീടിൽ
നിത്യമാംഈപ്രപഞ്ചത്തിൽ
ശക്തരായ് മുന്നേറിടാം.

കൃഷ്ണ നന്ദ. ബി. എസ്

# ഇടുക്കിയിലെ വിനോദയാത്ര

ഞാൻ എന്റെ കൂട്ടുകാരി നേഹയും സ്കൂളിൽ വേച്ച് ഒരു യാത്ര പോകുന്നതിനെ കുറിച്ച് ചർച്ച ചെയ്തു . വീട്ടിൽ എത്തിയതിന് ശേഷം രക്ഷിതാക്കളോട് ഇതിനെ കുറിച്ച് പറയുകയും യാത്ര പോകുന്നതിന് സമ്മതം വങ്ങിക്കുകയും ചെയ്തു. അങ്ങനെ രണ്ട് കുടുംബങ്ങളും കൂടി ഇടുക്കിയിലോട്ട് പോകാർ തയ്യാറായി.പിറ്റേ ആഴ്ച്ച വെക്കേശന് സ്കൂൾ അടച്ചു .
ഇടുക്കിലേക്ക് യാത്രതുടങ്ങി ഇടുക്കി എത്തുന്നതിന് മുമ്പായി ഒരു വെള്ളച്ചാട്ടം ഉണ്ടായിരുന്നു അത് പാറകൾക്കിടയിൽ കൂടിയാണ് ഒഴുകുന്നത്. അതിൽ നിന്നു വരുന്ന വെള്ളം വളരെ തണുപ്പുള്ളതായിഴുന്നു ഒരു പാൽ ഒഴുകുന്നത് പോലെ. വെളുപ്പിനെ 6 - മണിക്കാണ് യാത്ര തുടങ്ങിയത് ഒരു മണി അടുപ്പിച്ചായപ്പോൾ ലോട്ജിലെത്തി.പിന്നെട് നടക്കാൻ ഒരു 4 - ലു മണിക്ക് ഇറങ്ങി. അവിടെ തേയില തോട്ടം പൈനാപ്പിൾ,തോട്ടവും, ഏലം, കുരുമുളക്, ജാതിക്ക, കാപ്പി, ഇവയൊക്കേ ആയിരുന്നു കൃഷികൾ . ഏറ്റവും കൂടുതൽ തേയില തോട്ടങ്ങളായിരുന്നു.
പിന്നേട് ഒരു ടാക്സി പിടിച്ച് ഞങ്ങൾ മുല്ലപെരിയാർ, തേക്കടി യായ ബ്രിട്ടീഷ് ഡാം, ഇടുക്കി ഡാം, ചെറുതോണി ഡാം, ഇവയൊക്കെ കണ്ടു. ഞങ്ങൾ പോയപ്പോൾ അന്ന് ചെറിയ മഴയുണ്ടാ യിരുന്നതിനാൽ മുല്ലപെരിയാർ ഡാം ചെറുതായി ഷട്ടർ തുറന്നിട്ടിരുന്നു ആ ഷട്ടറിൽ നിന്നും വരുന്ന വെള്ളം കാണാൻ നല്ല ഭംഗിയായിരുന്നു. പിന്നേട് ഞങ്ങൾ അവിടെനിന്നും നേരെ തിരിച്ചു റൂമിൽ പോയി. അതുകഴിഞ്ഞ് ഭക്ഷണം കഴിച്ചിട്ട് വിശ്രമിക്കുകയും കുറച്ചുനേരം ഞങ്ങൾ കണ്ട കാഴ്ചകൾ കണ്ടതിനെ കുറിച്ചു സംസാരിച്ചു അതു കഴിഞ്ഞ് ഉറങ്ങി.
പിറ്റേന്ന് രാവിലെ എഴുന്നേറ്റ് പ്രാതമികകർമ്മങ്ങൾ ചെയ്തതിനു ശേഷം ഞങ്ങൾ വീണ്ടും യാത്ര തുടങ്ങി തൂക്കുപാലം, അഞ്ചുരുളി വെള്ളച്ചാട്ട തുരങ്കം, പിന്നേ കുറവനും കുറത്തിയുടെയും പ്രതിമകൾ കണ്ടു. പിന്നേട് ഞങ്ങൾമുന്നാർ പോയി മുന്നാറിലെ മലനിരകളും അവിടത്തെ മൂടൽ മഞ്ഞ് കണാർ നല്ല ഭംഗിയായിരുന്നു. മഞ്ഞും തണുത്ത കാറ്റും ഞങ്ങളെ ഈറനണിയിച്ചു. പിന്നേ തേയില തോട്ടങ്ങളും, പൈൻമരങ്ങളും, എക്കോ പ്പാറ, വരയാട്, കുരങ്ങുകൾ, പിന്നേ അവിടെയവിടെയായി റിസോർട്ടുകൾ മുന്നാറിലെ പ്രകൃതി ഭംഗി കാണാൻ വളരെ മനോഹരമായിരുന്നു. ഞങ്ങളുടെ ഇടുക്കിയിലെ വിനോദയാത്ര ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു അനുഭവമായിരുന്നു.

പേര്: അനഘ ഗിരീഷ്

8D

# എൻ്റെ വിദ്യാലയം സ്വർഗ്ഗം

അറിവിന്റെ വെളിച്ചം വീശുന്ന കാറ്റാടി എന്റെ വിദ്യാലയം

അക്ഷരമാലകൾ എന്നെ പഠിപ്പിച്ച എന്റെ വിദ്യാലയം

എന്നും എന്നും എന്റെ വിദ്യാലയം സ്വർഗം

ചിരിച്ചും കളിച്ചും പഠിച്ചും അറിഞ്ഞും
ഞാൻ പഠിച്ച എന്റെ വിദ്യാലയം

അദ്ധ്യാപകരെ ഞാൻ ഓർമ്മിക്കുന്നു ഇപ്പോഴും ഞങ്ങളോടൊപ്പം ഉണ്ടെന്ന് തോന്നുന്നു

എപ്പോഴും എപ്പോഴും എന്റെ വിദ്യാലയം സ്വർഗം

8I റസിയ

# സോഫ്റ്റ്‌വെയർ

സ്വതന്ത്രമായി ഉപയോഗിക്കാനും ഉപയോഗക്രമത്തെക്കുറിച്ച് പഠിക്കാനും അതിൽ മാറ്റം വരുത്താനും യാതൊരു തടസ്സങ്ങളുമില്ലാതെ എത്ര പകർപ്പുകൾ വേണമെങ്കിലും എടുത്ത് ഉപയോഗിക്കാനും സാധിക്കുന്ന സോഫ്റ്റ്‌വെയറുകളാണ് സ്വതന്ത്രസോഫ്റ്റ്‌വെയർ. സാധാരണയായി സ്വതന്ത്രസോഫ്റ്റ്‌വെയർ സൗജന്യമായി ലഭ്യമാണ്. അതിന് ലഭ്യമാക്കാനാവശ്യമായ പണം മാത്രമേ നൽകേണ്ടിവരികയുള്ളൂ. കൂടാതെ സോഫ്റ്റ്‌വെയറിന്റെ സോഴ്സ് അഥവാ അത് എഴുതപ്പെട്ടിരിക്കുന്ന പ്രോഗ്രാം കോഡ് എല്ലാവർക്കും വായിക്കാവുന്ന വിധത്തിൽ ലഭ്യമായിരിക്കും. കൂടാതെ ഇത്തരം കോഡുകളുടെയും സോഫ്റ്റ്‌വെയറിന്റെയും കൂടെ സ്വതന്ത്രസോഫ്റ്റ്‌വെയർ അനുമതി പത്രം സാധാരണയായി ഉൾപ്പെടുത്തിയിരിക്കും. ഇത്തരം സോഫ്റ്റ്‌വെയറുകൾ എല്ലാം പൊതുസഞ്ചയത്തിൽ ലഭ്യമാക്കിയവയായിരിക്കും.

vishnu 8A

# നക്ഷത്രങ്ങൾ വിതച്ചക്കാട്

രാത്രിയുടെ കയ്യിൽ നിന്നും നക്ഷത്രങ്ങൾ താഴെ വീണപ്പോൾ

അവ മണ്ണിൽ വിത്തുകളായി പടർന്നു

കാലങ്ങൾ കഴിഞ്ഞപ്പോൾ ആ വിത്തുകൾ മുളച്ച

പ്രകാശ പൂക്കുന്ന മരങ്ങളായി

ആ കാറ്റ് വീശുമ്പോൾ എല്ലാം

മരങ്ങളുടെ ഇലകൾ

ചെറു നക്ഷത്രത്തിളക്കങ്ങൾ മഴ പോലെ പെയ്തു.

അവിടെ നടക്കുമ്പോൾ

നിഴലുകൾ പോലും പ്രകാശം കൊണ്ടുള്ള ചുറ്റുപാടിൽ

തങ്ങളുടെ രൂപം മറന്നുപോകും

നാഫിയ 8 A

കുട്ടികളുടെ അശ്രാന്ത പരിശ്രമങ്ങളും സർഗ്ഗാത്മകമായ സമീപനങ്ങളും ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ സജീവ സാന്നിധ്യവുമായി ഒന്നിച്ചപ്പോൾ, ഈ ഡിജിറ്റൽ മാസികക്ക് പുതുമയും തെളിച്ചവും ലഭിച്ചു.

# നന്ദി